**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3312**

08.11.2019 – ൽ
**മറുപടിയ്ക്ക്**

# തൃശ്ശൂർ ജില്ലയിലെ ഇരുപ്പുകൃഷി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) തൃശ്ശൂർ ജില്ലയിൽ ഇത്തവണ ഇരുപ്പുകൃഷി ഇറക്കിയ കർഷകരുടെ ഞാറ്റടികളും വിത്തും പ്രളയത്തിൽ നശിച്ചതിനാൽ വീണ്ടും കൃഷി ഇറക്കുന്നതിന് വിത്ത്ക്ഷാമം നേരിടുന്നതിനാൽ വിത്ത് ലഭ്യമാക്കാനും കൃഷിയ്ക്കാവശ്യമായ മറ്റ് സഹായങ്ങൾ ചെയ്യാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) ജില്ലാതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാറ്റടികളും വിത്തും നശിച്ചുപോയ പാടശേഖര സമിതികൾക്ക് പുതുതായി വിതയ്ക്കുന്നതിനായി ആകെ 775 ഹെക്ടറിലേക്ക് 618.72 ടൺ നെൽ വിത്ത് ആവശ്യമായി വരും. അത് ലഭ്യമാക്കുവാൻ സംസ്ഥാന വിത്തുവികസന അതോറിറ്റിയിലേക്ക് നിർദ്ദേശം നൽകിയിരുന്നു. ഏകദേശം 400 ടൺ വിത്ത് ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. ശേഷിച്ച വിത്തുകൾ നവംബർ രണ്ടാമത്തെ ആഴ്ചയോടെ വിതരണം ചെയ്യാനാകും. |
| ബി) ഇല്ലെങ്കിൽ അതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | ബി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ